# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 142**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല ഇടവകകളുടെയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ പ്രിയരേ,

2024 നവംബർ 24–ാം തീയതി പ്രവാസി ഞായർ (**Diaspora Sunday**) ആയി നമ്മുടെ സഭ വേർതിരിച്ചിരിക്കുകയാണ്. സഭയുടെ ആദ്ധ്യാത്മിക–ഭൗതീക പുരോഗതിക്ക് സഭാംഗങ്ങളായ പ്രവാസി സമൂഹം നൽകിവരുന്ന സഹകരണം അഭിനന്ദനീയമാണ്. വിവിധ പ്രകാരത്തിൽ വൈവിധ്യങ്ങൾ നിലനിൽക്കുന്ന സമൂഹത്തിൽ സഭയുടെ സ്വത്വം നിലനിർത്തി ആരാധനയിലും ശുശ്രൂഷകളിലും പ്രവാസി സമൂഹം സജീവമായി പങ്കെടുക്കുകയും സേവന പ്രവർത്തനങ്ങളിൽ ഉത്സാഹപൂർവ്വം സഹകരിക്കുകയും ചെയ്തുവരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്ന മാർത്തോമ്മാ വിശ്വാസികൾ ഇടവകകളുടെയും ഭദ്രാസനങ്ങളുടെയും സഭയുടെയും സാക്ഷ്യ നിർവഹണത്തിൽ അർത്ഥവത്തായി പ്രതികരിക്കുന്നു എന്നതിൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. എല്ലാവരുടെയും ശുശ്രൂഷകളെ നന്ദിപൂർവ്വം ഓർക്കുന്നു.

ഇതുവരെ വഴി നടത്തിയ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നതിനും പ്രവാസ ജീവിതം തുടർന്നും അനുഗ്രഹകരമാകുന്നതിനും സഭയൊന്നാകെ പ്രാർത്ഥിക്കുന്നതിനുമായാണ് പ്രവാസി ഞായർ ആചരിക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനുമായി നമ്മുടെ അനേകം യുവജനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിരിക്കുന്നു. അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ആദ്ധ്യാത്മിക കൂട്ടായ്മ നൽകുന്നതിനും പ്രാദേശിക തലങ്ങളിലെ കോൺഗ്രിഗേഷനുകൾക്കും ഇടവകകൾക്കും കടമയുണ്ട് എന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു.

എല്ലാ ഇടവകകളിലും അർത്ഥവത്തായ രീതിയിൽ പ്രവാസി ഞായർ (**Diaspora Sunday**) ആചരിക്കേണ്ടതാണ്. സഭയിലും സമൂഹത്തിലും ഫലപ്രദമായ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് ഈ ദിനാചരണം മുഖാന്തിരമാകുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെയിരിക്കുമാറാകട്ടെ

തിരുവല്ല പൂലാത്തീനിൽ നിന്നും 2024 ഒക്ടോബർ മാസം 21–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 142**

*Blessings to all the Vicars, resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

The Church has set apart Sunday, November 24, 2024, as Diaspora Sunday. The cooperation provided by our diaspora members for the spiritual and material progress of the Church is commendable. In a community characterized by diverse backgrounds, the diaspora members actively uphold the identity of the Church and participate in worship and services, enthusiastically contributing to ministerial endeavours. We rejoice and praise God for the meaningful contributions of Mar Thoma believers residing in various parts of the world to the mission and witness of our parishes, dioceses, and Church. We remember with gratitude the service of all.

Diaspora Sunday is observed with prayers of thanksgiving to God for his guidance, and to pray for the blessed life of the diaspora. Many of our young people reside in various parts of the world for higher education and employment. We remind local congregations and parishes of their responsibility to offer necessary guidance and encourage these young people, providing them with spiritual fellowship.

All parishes are encouraged to observe Diaspora Sunday in a meaningful manner. We exhort the prayer and co-operation of all so that this day may become an occasion to support effective ministry within the Church and the community.

May God's grace be with you all.

Dated 21st October 2024 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**